# പ്രശോഭിതയായ സീറോ-മലബാർ സഭ

പുരാതനവും സമ്പന്നവുമായ ഇന്ത്യൻ സാംസ്ക്കാരിക, മതാത്മക പൈതൃകത്തിൽ രണ്ടായിരം സംവത്സരങ്ങളിലൂടെ തനിമയോടെ ചാലിച്ചെടുത്തതും രൂപീകരിച്ചെടുത്തതുമായ മാർതോമാ ക്രിസ്ത്യാനികളുടെ വിശ്വാസ ജീവിതത്തിന്റെ അഭിമാനാർഹമായ സാക്ഷ്യകൂടാരമാണ് സീറോ-മലബാർ സഭ. ക്രിസ്തു ശിഷ്യരായ വി. പത്രോസ് റോമായിലും, വി. യാക്കോബ് ജറൂസലേമിലും, വി. പൗലോസ് കോറിന്തോസിലും, വി. മർക്കോസ് അലക്സാൻഡ്രിയായിലും ആദിമ ക്രൈസ്തവ സമൂഹങ്ങൾക്ക് അടിസ്ഥാനമിട്ടു. അക്കാലത്തുതന്നെയാണ് AD-52ൽ അതിവിദൂരസ്ഥമായ ഭാരതത്തിന്റെ തെക്കേ അറ്റത്ത് കേരളക്കരയിലെ മുസിരീസ് പ്രദേശത്തെ വിഖ്യാത തുറമുഖമായ പട്ടണത്തു ഈശോയുടെ "ധൈര്യശാലിയായ അപ്പസ്തോലൻ" വി. തോമസ് എത്തിചേർന്നത്. പുനർജന്മത്തിന്റെ മതാത്മക, തത്വചിന്തകളുടെ ഈ നാട്ടിൽ ശ്ലീഹ പുനരുത്ഥാനത്തിന്റെ മഹാരഹസ്യം അറിയിച്ചുകൊണ്ട് 'കർത്താവും ദൈവവുമായ' ഈശോയിലുള്ള വിശ്വാസത്തിലേയ്ക്ക് അനേകരെ ആനയിച്ചു. കേരളത്തിലെ ഈ ക്രൈസ്തവ സമൂഹമാകട്ടെ വിശ്വാസം പകർന്നു നല്കിയ സഭാ പിതാവിന്റെ നാമം ധരിച്ച് 'മാർതോമാ ക്രിസ്ത്യാനികൾ', അഥവാ 'മാർതോമാ നസ്രാണികൾ' എന്ന പേരിലാണ് ചരിത്രത്തിലൂടെ പിന്നീട് അറിയപ്പെടുന്നത്.

## മാർതോമാ ക്രൈസ്തവരുടെ ആദിമകാല ചരിത്രം

മാർതോമാശ്ലീഹായുടെ കേരളത്തിലെ സുവിശേഷ പ്രഘോഷണവും മാർതോമാ ക്രൈസ്തവരുടെ ആദിമ ചരിത്രവും ഐതീഹ്യങ്ങൾക്കതീതമായ ചരിത്ര വസ്തുതയാണ്. ഈ യാഥാർത്ഥ്യത്തിന് മികവേകുന്ന തെളിവുകളാണ് ശ്ലീഹാ സ്ഥാപിച്ച കോട്ടക്കാവ് (പറവൂർ) ദൈവാലയത്തിനു അധികം അകലെയല്ലാത്ത പട്ടണത്തു നടക്കുന്ന ഉൽഖനനങ്ങളും പുരാവസ്തു ഗവേഷണങ്ങളും. ക്രിസ്തുവർഷാരംഭത്തിൽ മുസിരീസും, മലബാർ തീരവും, ദൂരദേശങ്ങളായ അലക്സാൻഡ്രിയായും, റോമും, ജറുസലേമും തമ്മിൽ സുദൃഢവും വ്യാപകവുമായ വാണിജ്യ

ബന്ധം നിലനിന്നിരുന്നതിന്റെ പുരാവസ്തു തെളിവുകളാണ് പട്ടണത്തുനിന്നും ഇപ്പോൾ ലഭ്യമായിരിക്കുക. കേരളത്തിലെ തോമാശ്ലീഹായുടെ പ്രേഷിതവേലയെ സ്ഥിതീകരിക്കുന്ന നിരവധി വൈദേശിക സാക്ഷ്യങ്ങളുണ്ട്. അവയിൽ വ്യക്തമായ ചില സൂചനകളും സ്ഥിതീകരണവും നൽകുന്നവയാണ് 3-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതായ 'തോമായുടെ നടപടികൾ' എന്ന അപ്രമാണിക ഗ്രന്ഥം. അലക്സാൻഡ്രിയൻ വിദ്യാപീഠത്തിന്റെ സ്ഥാപകനായ പന്തേന്നൂസ് 2-ാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയിലെ ക്രൈസ്തവരിൽ നിന്നും അറമായ ഭാഷയിൽ രചിക്കപ്പെട്ട വി. മത്തായിയുടെ സുവിശേഷം സ്വീകരിച്ചതായി 4-ാം നൂറ്റാണ്ടിലെ സഭാ ചരിത്രകാരനായ യൗസേബിയൂസും ജറുസലേമിലെ വി. ജെറോമും രേഖപ്പെടുത്തുന്നു. കേരള പാരമ്പര്യത്തിലുള്ള 'റമ്പാൻപാട്ടുകൾ', 'മാർഗ്ഗംകളി പാട്ടുകൾ' എന്നിവയും, സഭാ പാരമ്പര്യവും, കേരള ചരിത്രവും, സൂചിപ്പിക്കുന്നതുപോലെയും തോമാശ്ലീഹ മലബാർ തീരത്തു വിവിധ സഭാ സമൂഹങ്ങൾക്കു രൂപം കൊടുത്തു. അവയിൽ കോട്ടക്കാവ്, കൊടുങ്ങല്ലൂർ, പാലയൂർ, കോക്കമംഗലം, നിരണം, ചായൽ, കൊല്ലം എന്നിവിടങ്ങളിൽ ശ്ലീഹാ ദൈവാലയങ്ങളും സ്ഥാപിച്ചു. ഈ ഏഴു ദൈവാലയങ്ങൾ കേരള സഭാ ചരിത്രത്തിലെ വിശ്വാസ പൈതൃകത്തിന്റെ ഏഴു ദീപസ്തംഭങ്ങളായി വിരാജിക്കുന്നു.

ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ യൂറോപ്പിൽ ക്രിസ്തുമതം വ്യാപകമാകുന്നതിനും പ്രേഷിത പ്രവർത്തനം സംഘടിതമാകുന്നതിനും മുമ്പേതന്നെ കേരളം ക്രൈസ്തവമതത്തെ അിറഞ്ഞു, സ്വീകരിച്ചു, സ്വന്തമാക്കി എന്നുവേണം അനുമാനിക്കാൻ. യൂറോപ്പിനും, ഈജിപ്റ്റിനും (ആഫ്രിക്ക), പശ്ചിമേഷ്യയ്ക്കും പുറത്തുള്ള മറ്റൊരു പ്രദേശത്തും ഇത്രയും പൗരാണികതയുള്ള ക്രൈസ്തവ സമൂഹം ഇല്ല എന്ന് എടുത്തു പറയേണ്ട വസ്തുതയാണ്. തദ്ദേശീയതയിൽ ഇത്രയും ആഴത്തിൽ വേരോടാൻ ലോകത്ത് മറ്റൊരിടത്തും ഒരു ക്രൈസ്തവ വിഭാഗത്തിനും കഴിഞ്ഞിട്ടില്ലായെന്നുള്ളത് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. കേരളത്തിലേയ്ക്ക് ചാതുർവർണ്യവും ബ്രാഹ്മണ്യവും വന്നെത്തുന്നതിനു മുമ്പേ കേരളത്തിൽ സ്ഥാനം പിടിച്ച വിദേശ വിശ്വാസകൂട്ടായ്മയാണ് കേരള ക്രൈസ്തവരുടേത്. ജാതി വ്യവസ്ഥിതിയുടെ

വേലികെട്ടില്ലാത്തൊരു കാലത്തിന്റെ ചരിത്രാനുഭവങ്ങളുടെ കരുത്തു സ്വന്തമാക്കിയ ആദ്യകാല ക്രൈസ്തവർക്ക് സമൂഹത്തിനാകെ ഒഴിവാക്കാൻ പാടില്ലാത്ത വർത്തക വിഭാഗം എന്ന നിലയിൽ പ്രത്യേക പരിഗണന ലഭിച്ചിരുന്നതായി കരുതപ്പെടാം.

## 4-ാം നൂറ്റാണ്ടുമുതൽ പശ്ചിമേഷ്യൻ ബന്ധം

അപ്പസ്തോലിക പാരമ്പര്യം കൈമുതലായ മാർ തോമാ ക്രൈസ്തവർ 4-ാം നൂറ്റാണ്ടുമുതൽക്കേ പേർഷ്യ, മെസപ്പൊട്ടോമിയ എന്നിവിടങ്ങളിൽ നിന്നും വാണിജ്യത്തിനായി എത്തിയ ക്രൈസ്തവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. AD 345-ൽ മുസിരീസിൽ നിന്നും എത്തിയ കച്ചവട പ്രമുഖനും ക്രൈസ്തവനുമായ ക്നായി തൊമ്മനും, 72 കുടുംബങ്ങൾക്കും ഇവിടുത്തെ ക്രൈസ്തവർ സ്വാഗതമേകിക്കൊണ്ട് ഒരേ വിശ്വാസവും, ആരാധനാരീതികളും പങ്കുവച്ച് ഒരേ സഭാ സമൂഹമായി കഴിഞ്ഞു പോന്നു. 6-ാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യ സന്ദർശിച്ച അലക്സാൻഡ്രിയൻ സഞ്ചാരിയായ കോസ്മസ് ഇൻഡിക്കോപ്ലൂസ്തസ് രേഖപ്പെടുത്തുന്നതുപോലെ "കുരുമുളകിന്റെ നാട്ടിൽ" പശ്ചിമേഷ്യൻ ബന്ധമുള്ള ശക്തമായ ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നു. പൗരസ്ത്യ സുറിയാനി സഭയിൽ നിന്നും പതിനാറാം നൂറ്റാണ്ടുവരെ വൈദീകരുടെയും, മെത്രാൻമാരുടെയും, പ്രേഷിതപ്രവർത്തനവും, അജപാലന ശുശ്രൂഷകളും മാർതോമാ ക്രൈസ്തവരുടെ വളർച്ചയ്ക്കും, ഉയർച്ചയ്ക്കും നിദാനമായി. ക്രൈസ്തവ സഭയിലെതന്നെ ആദ്യകാല ദൈവശാസ്ത്ര വിദ്യാപീഠങ്ങളായ എദേസ്സയിലും നിസിബിസിലും നിന്നുള്ള വികസിതവും ഉന്നതവുമായ ദൈവശാസ്ത്രവീക്ഷണങ്ങളും, മാർ അപ്രേം തുടങ്ങിയ അനേകം സഭാപിതാക്കൻമാരുടെ സമ്പുഷ്ടമായ പൗരസ്ത്യ ആദ്ധ്യാത്മികതയും, സുറിയാനി ഭാഷയിൽ ചിട്ടപ്പെടുത്തിയ ദൈവശുശ്രൂഷാ ഗ്രന്ഥങ്ങളും, മാർതോമാ ക്രൈസ്തവർക്ക് കൂടി സ്വന്തമാക്കുവാൻ സാധിച്ചു.

## 16-ാം നൂറ്റാണ്ടുമുതൽ യൂറോപ്പുമായുള്ള ബന്ധം

കേരള ക്രൈസ്തവ സഭാ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണ് 15-ാം നൂറ്റാണ്ടിന്റെ അവസാനം മുതലുള്ള യൂറോപ്പിലെ

ക്രൈസ്തവരുമായുള്ള ബന്ധം. ഇവിടുത്തെ ക്രൈസ്തവർ പോർച്ചുഗീസ് ക്രിസ്തുമത വിശ്വാസിയായ വാസ്ക്കോഡിഗാമയേയും മിഷനറിമാരേയും സ്വമനസ്സാലെ സ്വാഗതം ചെയ്തുകൊണ്ട് സഹോദര സഭാംഗങ്ങളായി കഴിയുവാനുള്ള അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുത്തു. അവരുടേതായ ഭാഷയിൽ ആരാധനക്രമ രീതികൾ പുലർത്തുവാനും യഥേഷ്ടം പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ട് പള്ളികൾ സ്ഥാപിക്കുവാനും മാർതോമാ ക്രൈസ്തവർ സഹകാരികളായി പ്രവർത്തിക്കുകയാണുണ്ടായത്. വി. ഫ്രാൻസീസ് സേവ്യർ പോലുള്ള യൂറോപ്യൻ മിഷനറിമാർക്ക് ഇവിടത്തെ ക്രൈസ്തവ കേന്ദ്രങ്ങളിൽ പോലും സുവിശേഷവേല ചെയ്യുവാനുതകുന്ന അന്തരീക്ഷം സാധ്യമായിരുന്നു. എന്നാൽ 1599-ലെ ഉദയംപേരൂർ സൂനഹദോസിനെ തുടർന്ന് മാർ തോമാ ക്രൈസ്തവരുടെ പരമ്പരാഗതമായ ആരാധനക്രമരീതികളിലും ഭരണകാര്യങ്ങളിലും വിദേശമിഷനറിമാർ ഇടപെടുകയും അവകാശാധികാരങ്ങൾ നിഷേധിക്കുകയും ചെയ്തതിനാൽ 1653-ലെ 'കൂനൻകുരിശ് സത്യത്തിനും' തുടർന്ന് സഭയുടെ പിളർപ്പിനും കാരണമായി. ഒരർത്ഥത്തിൽ 'കൂനൻകുരിശ് സത്യമാണ്' വിദേശമേൽക്കോയ്മക്കെതിരായുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംഘടിതമായ സ്വാതന്ത്ര്യസമരം.

## സീറോ-മലബാർ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ

ഒരേ സഭാഗാത്രമായിരുന്ന മാർതോമാ ക്രിസ്ത്യാനികൾ വിവിധ വിഭാഗങ്ങളിലായി കഴിയുന്ന സങ്കടകരമായ അവസ്ഥയ്ക്ക് പരിഹാരം കാണുവാൻവേണ്ടി ഇവിടുത്തെ സഭാനേതാക്കന്മാർ പല പരിശ്രമങ്ങളും നടത്തുകയുണ്ടായി. 1773-ൽ അങ്കമാലിയിൽ കൂടിയ യോഗത്തിൽ തിരഞ്ഞെടുത്ത ആലങ്ങാട്ടു കരയാറ്റിയിൽ ജോസഫ് കത്തനാരും കുറവിലങ്ങാട്ടു പാറേമ്മാക്കൽ തോമ്മാകത്തനാരും റോമിലെത്തി മാർപാപ്പയെ കണ്ട് സ്വയം ഭരണാവകാശത്തിനുവേണ്ടി നിവേദനം സമർപ്പിച്ചു. മാർപാപ്പയുടെ അനുവാദത്തോടെ പോർച്ചുഗീസു രാജ്ഞി കരിയാറ്റിയച്ചനെ മാർതോമാ ക്രിസ്ത്യാനികളുടെ ആദ്യത്തെ മെത്രാനായി വാഴിച്ചു. ഗോവയിലെത്തിയ അദ്ദേഹം ആകസ്മികമായി ദിവംഗതനായി. കൊടുങ്ങല്ലൂർ ഗവർണദോരായ പാറേമാക്കൽ തോമാ കത്തനാരുടെ

വിഖ്യാതമായ "ഇന്ത്യ ഇന്ത്യക്കാരാൽ ഭരിക്കപ്പെടണം" എന്ന വിപ്ലവാത്മകമായ ലേഖനത്തിലൂടെ വിദേശാധിപത്യത്തിനെതിരായും മാർതോമാ ക്രിസ്ത്യാനികളുടെ സ്വയം ഭരണാവകാശത്തിനുവേണ്ടിയും അദ്ദേഹം ശബ്ദമുയർത്തി. ഇന്ത്യൻ ഭാഷകളിലെ ആദ്യത്തെ സഞ്ചാര കഥയായ "വർത്തമാനപ്പുസ്തകത്തി"ലൂടെ സഭയുടെ തനതു ഭരണക്രമങ്ങളായ പള്ളിയോഗം, മഹായോഗം, ജാതിക്കുകർത്തവ്യൻ എന്നിവ പുനഃസ്ഥാപിക്കപ്പെടണം എന്നും അദ്ദേഹം ശക്തമായി വാദിച്ചു. തുടർന്നുള്ള നീണ്ടനിവേദനങ്ങളുടെയും പരിശ്രമങ്ങളുടെയും ഫലമായി മാർപാപ്പയോടുള്ള വിധേയത്വത്തിൽ കഴിഞ്ഞവരും, പൗരസ്ത്യ ആരാധനക്രമം പാലിച്ചുപോന്നവരും, കത്തോലിക്കരുമായ മാർതോമാ ക്രിസ്ത്യാനികൾക്കുവേണ്ടി ലിയോ 13-ാമൻ മാർപാപ്പാ 1887-ൽ കോട്ടയം, തൃശ്ശൂർ എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു.

ആരാധനക്രമ ഭാഷയായ സുറിയാനിയെ സൂചിപ്പിക്കുവാൻ 'സീറോ'യും കേരളത്തിന്റെ പുരാതന നാമമായ 'മലബാറും' കൂട്ടിച്ചേർത്തുകൊണ്ട് കേരളത്തിലെ സുറിയാനി കത്തോലിക്കരെ 'സീറോ-മലബാർ' എന്ന് വത്തിക്കാൻ നാമകരണം ചെയ്തു. 1896-ൽ എറണാകുളം, ചങ്ങനാശ്ശേരി, തൃശ്ശൂർ എന്നിവയും 1911-ൽ കോട്ടയവും രൂപതകളാക്കി. എറണാകുളം അതിരൂപതയാക്കി ഉയർത്തിക്കൊണ്ട് 1923-ൽ സീറോ-മലബാർ ഹയരാർക്കി സ്ഥാപിതമായി. 1967 മുതൽ കേരളത്തിനു പുറത്ത് ഛാന്ദ ഉൾപ്പെടെ 10 സീറോ-മലബാർ മിഷൻ രൂപതകൾ നൽകിക്കൊണ്ട് സഭയുടെ പ്രേഷിത ചൈതന്യത്തെ സാർവ്വത്രികസഭ അംഗീകരിച്ചു.

1992-ൽ എറണാകുളം-അങ്കമാലി അതിരൂപത ആസ്ഥാനമായി ജോൺപോൾ 2-ാമൻ മാർപാപ്പ സീറോ-മലബാർ സഭയെ മേജർആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി. കർദ്ദിനാൾ മാർ ആന്റണി പടിയറയെ പ്രഥമ മേജർ ആർച്ച്ബിഷപ്പായും പൊന്തിഫിക്കൽ അഡ്മിനിസ്ട്രേറ്ററായി ആർച്ച്ബിഷപ് മാർ ജോസഫ് കാട്ടുമനയെയും അവരോധിച്ചു. സീറോ-മലബാർ സഭ 1993-ൽ വ്യക്തിഗത സഭയായും, സ്വയംഭരണാധികാര സഭയായും പ്രാബല്യത്തിൽ വന്നു. ഇതിനെ തുടർന്ന് സീറോ-മലബാർ സഭയ്ക്ക്

പിതാവും തലവനുമായി മേജർ ആർച്ചുബിഷപ്പും, അദ്ദേഹത്തിന്റെ നേതൃത്വത്തിലും അദ്ധ്യക്ഷതയിലുമുള്ള മെത്രാന്മാരുടെ സിനഡ് സംവിധാനവും നിലവിൽ വന്നു. 2004-ൽ മെത്രാന്മാരുടെ നിയമനം, ആരാധനക്രമം എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുവാനുള്ള പൂർണ്ണാധികാരവും വത്തിക്കാൻ സീറോ-മലബാർ സഭയ്ക്കു നൽകി.

കാലം ചെയ്ത കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിനുശേഷം മെത്രാന്മാരുടെ സിനഡ് തിരഞ്ഞെടുത്ത പ്രഥമ മേജർ ആർച്ച്ബിഷപ്പ് ആണ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി. സീറോ-മലബാർ സഭയുടെ സ്വയംഭരണാധികാര പ്രദേശത്ത് 5 അതിരൂപതകളും, 12 രൂപതകളും, 10 മിഷൻ രൂപതകളും, പ്രവാസികൾക്കായി ഇന്ത്യയിൽ കല്ല്യാൺ, ഫരീദാബാദ് എന്നീ രൂപതകളും, വിദേശത്ത് ചിക്കാഗോ, മെൽബൺ എന്നീ രൂപതകളുമായി സീറോ-മലബാർ സഭയ്ക്ക് 31 രൂപതകളും, ഇപ്പോൾ 53 മെത്രാന്മാരും ഉണ്ട്. 41 ലക്ഷത്തോളം വരുന്ന വിശ്വാസികളുള്ള സീറോ-മലബാർ സഭയാണ് 22 പൗരസ്ത്യ വ്യക്തിഗത സഭകളിൽ രണ്ടാം സ്ഥാനത്ത് നില്ക്കുക.

## പ്രശോഭിതയായ സീറോ-മലബാർ സഭ

ഇന്ത്യൻ ജനാവലിയിലെ ഏറ്റവും ന്യൂനപക്ഷമായ സീറോ-മലബാർ സഭ ഭാരതത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഈടുറ്റ സംഭാവനകളാണ് നൽകിയിട്ടുള്ളത്. വർണ്ണ-വർഗ്ഗ-ജാതി വ്യവസ്ഥകൾക്കതീതമായി എല്ലാവർക്കും സമഭാവനയോടെ വിദ്യാഭ്യാസം ലഭ്യമാക്കുവാൻ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തുടങ്ങിവച്ച 'പള്ളിക്കു ഒരു പള്ളിക്കുടവും', 'ഉച്ചക്കഞ്ഞി സമ്പ്രദായവും' ചരിത്രത്തിൽ വിസ്മരിക്കാൻ പറ്റാത്ത സംഭവങ്ങളാണ്. ഈ ചൈതന്യമാണ് ഭാരതമൊട്ടാകെ 5,745-ൽ പരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ അനേകർക്ക് അക്ഷരജ്ഞാനവും ഉയർന്ന ജോലി സാധ്യതകളും പ്രദാനം ചെയ്യുവാൻ സാധിതമായത്. സർവ്വരാലും ആദരിക്കപ്പെടുന്ന ശുശ്രൂഷയാണ് ആരോഗ്യ രംഗത്തും സാമൂഹ്യക്ഷേമ രംഗത്തും സഭ സമർപ്പിച്ചിരിക്കുക. 2,755 ചാരിറ്റബിൾ സ്ഥാപനങ്ങളിലൂടെ പാവപ്പെട്ട രോഗികൾക്കും, വൃദ്ധർക്കും, അനാഥർക്കും, ദരിദ്രർക്കും വേണ്ടിയുള്ള സഭയുടെ നീട്ടപ്പെട്ട കരങ്ങൾ അനേകായിരങ്ങൾക്ക് ജീവിതവും, സന്തോഷവും

പ്രദാനം ചെയ്യുന്നു. 19-ാം നൂറ്റാണ്ടുമുതൽ കാർഷിക രംഗത്തും ബാങ്കിംഗ് മേഖലകളിലും സീറോ-മലബാർ സഭാംഗങ്ങൾ നടത്തിയ മുന്നേറ്റം കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് തന്നെ വളരെ നേട്ടമുണ്ടാക്കിയ കാര്യവും വിസ്മരിക്കാവുന്നതല്ല.

സീറോ-മലബാർ സഭയുടെ പ്രേഷിത ചൈതന്യത്തേയും ആദ്ധ്യാത്മിക ചലനാത്മകതയെയും സാർവ്വത്രിക സഭ വലിയ മതിപ്പോടെയാണ് നോക്കികാണുക. സീറോ-മലബാർ സഭയിലെ മുപ്പതോളം മെത്രാന്മാരും, ആയിരകണക്കിനു വൈദീകരും, സന്യാസിനികളും ഇന്ത്യയിലും, മറ്റു വിദേശരാജ്യങ്ങളിലുമുള്ള ലത്തീൻ, മലങ്കര സഭകളിൽ സേവനം ചെയ്യുന്നു. ഇന്നു ലോകത്തെവിടെയും മാർ തോമാശ്ലീഹായുടെ പ്രേഷിത ചൈതന്യം പേറുന്ന മിഷനറിമാരുള്ള സീറോ-മലബാർ സഭയ്ക്ക് എവിടെയും സ്വന്തം നിലയിൽ രൂപതകളും, പള്ളികളും തുടങ്ങുവാനുള്ള അവകാശങ്ങൾ സാർവ്വത്രിക സഭയാൽ അംഗീകരിക്കപ്പെടുമെന്നത് നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം.

തോമാശ്ലീഹ വിതച്ച സുവിശേഷവചനത്തിന്റെ ഫലംചൂടിനിൽക്കുന്ന സീറോ-മലബാർ സഭയിലെ വിശുദ്ധിയുടെ പൊൻ ധാന്യമണികളാണ് വി. അൽഫോൻസാമ്മയും, വിശുദ്ധരായി നാമകരണം ചെയ്യപ്പെടുവാൻ പോകുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചനും, എവുപ്രാസ്യാമ്മയും, വാഴ്ത്തപ്പെട്ടവരായ മറിയം ത്രേസ്യയും, കുഞ്ഞച്ചനും പിന്നെ നിരവധി ദൈവദാസന്മാരും. സഭയുടെ ഈ ഉന്നതമായ ആത്മീയ പ്രഭയ്ക്ക് മുതൽകൂട്ടായി രണ്ടു മിണ്ടാമഠങ്ങളും, നിരവധി സന്യാസ സമൂഹങ്ങളും, അൽമായ പ്രേഷിത സംഘടനകളും പ്രാർത്ഥനയുടെയും സേവന ശുശ്രൂഷകളുടെയും ഉത്തമ മാതൃകകളായി നിലകൊള്ളുന്നു.

## മൗണ്ട് സെന്റ് തോമസ്: സഭ ആസ്ഥാനകാര്യാലയം

എറണാകുളം-അങ്കമാലി അതിരൂപതയിലെ മൗണ്ട് സെന്റ് തോമസിലാണ് സീറോ-മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ അഥവാ സഭാ ആസ്ഥാനകാര്യാലയം സ്ഥിതി ചെയ്യുന്നത്. മേജർ ആർച്ച്ബിഷപ്, പെർമനന്റ് സിനഡ്,

മെത്രാന്മാരുടെ സിനഡ്, ചാൻസലറി, ഫിനാൻസ് ഓഫീസർ, ട്രൈബ്യൂണൽ, കൂടാതെ വിവിധ കമ്മീഷനുകളുടെ ഓഫീസുകളും ഉൾപ്പെടുന്നതാണ് ആസ്ഥാനകാര്യാലയം. 31 രൂപതകളുടെയും, ഇന്ത്യയിലും വിവിധ രാജ്യങ്ങളിലുമായി കഴിയുന്ന പ്രവാസികളായ സീറോ-മലബാർ സഭാംഗങ്ങളുടെയും അജപാലന ശുശ്രൂഷകൾ കാര്യക്ഷമതയോടെ ഏകോപിപ്പിക്കുക എന്ന ലക്ഷ്യമാണ് മെത്രാന്മാരുടെ സിനഡിനുള്ളത്. സാർവ്വത്രിക സഭയോട് ചേർന്നു ഇന്ത്യയിൽ ലത്തീൻ, മലങ്കര എന്നീ സഹോദര സഭകളോടും, മറ്റു എക്യുമെനിക്കൽ പ്രസ്ഥാനങ്ങളോടും ചേർന്നുകൊണ്ട് മാർതോമാ ശ്ലീഹായുടെ മാർഗ്ഗം പിൻതുടർന്നു ദൈവരാജ്യ വ്യാപനത്തിനുവേണ്ടിയും, സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടിയും സഹകരിച്ചു പ്രവർത്തിക്കുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് മെത്രാന്മാരുടെ സിനഡ് ആണ്. ദൈവമഹത്വത്തിനും സഭാമക്കളേവരുടെയും നന്മയ്ക്കുവേണ്ടിയും ദൈവശാസ്ത്രം, ആരാധനക്രമം, ശിക്ഷണം, ആദ്ധ്യാത്മികത എന്നി തലങ്ങളിൽ സുചിന്തിതമായ തീരുമാനമെടുക്കുന്ന നൈയാമിക സംവിധാനമാണ് മെത്രാന്മാരുടെ സിനഡ്. ഈ ലക്ഷ്യങ്ങളുടെ ഫലപ്രാപ്തിക്കായി മെത്രാന്മാരുടെ നേതൃത്വത്തിലും വിവിധ രൂപതകളിൽ നിന്നും സന്യാസ ഭവനങ്ങളിൽ നിന്നും പ്രവാസി കേന്ദ്രങ്ങളിൽ നിന്നും പ്രാതിനിധ്യ സ്വഭാവത്തോടെ തിരഞ്ഞെടുക്കപ്പെട്ടവർ ഉൾപ്പെടെ രൂപീകരിക്കപ്പെട്ട നിരവധി സിനഡ് കമ്മീഷനുകൾ പ്രവർത്തിച്ചു വരുന്നു.

**മൗണ്ട് സെന്റ് തോമസിലെ കൂരിയായിൽ പ്രവർത്തിക്കുന്ന ഏതാനും ചില കമ്മീഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് താഴെ പ്രതിപാദിക്കുന്നു:**

## ലിറ്റർജിക്കൽ കമ്മീഷൻ

2004-മുതൽ വത്തിക്കാൻ സീറോ-മലബാർ സഭയ്ക്ക് ആരാധനക്രമ കാര്യങ്ങളിൽ തീരുമാനമെടുത്ത് നടപ്പിലാക്കുവാനുള്ള പൂർണ്ണാധികാരം നൽകിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തോടു വിശ്വസ്ഥത പുലർത്തിക്കൊണ്ട് സഭയുടെ തനിമയിലും, സംസ്ക്കാരത്തിനും വിധേയമായി ആരാധനക്രമ ഗ്രന്ഥങ്ങൾ പുനരുദ്ധരിക്കുവാനും, നവീകരിക്കുവാനും വേണ്ടി മെത്രാന്മാരുടെ സിനഡിനെ സഹായിക്കുക എന്നതാണ് ലിറ്റർജിക്കൽ കമ്മീഷന്റെ ദൗത്യം. ഇതിനോടകം കുർബാനക്രമം,

കൂദാശകളുടെ ക്രമം, പൊന്തിഫിക്കൽ ക്രമം, പ്രഘോഷണ ഗ്രന്ഥങ്ങൾ മുതലായ തക്സകൾ വിവിധ ഭാഷകളിൽ പുനരുദ്ധരിക്കുവാനും, നടപ്പിലാക്കുവാനും ഈ കമ്മീഷനു സാധിച്ചിട്ടുണ്ട്.

## കാറ്റക്കെറ്റിക്കൽ സെന്റർ

സീറോ-മലബാർ സഭാതലത്തിലുള്ള വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഏകോപനവും നല്കുന്നതിനുവേണ്ടിയുള്ളതാണ് കാറ്റക്കെറ്റിക്കൽ സെന്റർ. സൺഡേസ്കൂളുകളിൽ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ ഉപയോഗിക്കുന്ന മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള പുസ്തകങ്ങൾ, അദ്ധ്യപകസഹായി ഇവയെല്ലാം തയ്യാറാക്കി വിതരണം ചെയ്യുന്നത് ഇവിടെനിന്നാണ്. രൂപതാ ഡയറക്ടേഴ്സിനു പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ, രൂപതാതലങ്ങളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നല്കാനുതകുന്ന റിസോഴ്സ് ടീമിന്റെ പരിശീലനം, സപ്ലിമെന്ററി പുസ്തകങ്ങളുടെ തയ്യാറാക്കൽ, സഭതലത്തിൽ സ്കോളർഷിപ്പ് പരീക്ഷകൾ നടത്തൽ, രൂപതാതലത്തിൽ മികവുതെളിയിക്കുന്ന പന്ത്രണ്ടാംക്ലാസ്സിലും ഏഴാംക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഗമം, വിശ്വാസപരിശീലനം കൂടുതൽ ആകർഷകവും ഫലപ്രദവുമാകുന്നതിനുപകരിക്കുന്നവിധത്തിൽ പാഠ്യപുസ്തകങ്ങളുടെ powerpoint presentation, animation, visualization, videoclips, shortfilms തുടങ്ങിയവ തയ്യാറാക്കൽ ഇവയെല്ലാം കാറ്റക്കെറ്റിക്കൽ സെന്റർ നല്കുന്ന സേവനങ്ങളിൽ ചിലതുമാത്രമാണ്. syromalabarcatechesis.org എന്ന വെബ്സൈറ്റിലൂടെ വിശ്വാസപരിശീലനത്തെക്കുറിച്ചുള്ള വാർത്തകൾ, ഡോക്യൂമെന്റുകളും, സഭാജീവിതത്തിൽ ഉണ്ടാകാവുന്ന സംശയങ്ങൾക്ക് നിവാരണം വരുത്താൻ ഉതകുന്ന ചോദ്യോത്തര പംക്തിയും ഒരുക്കിയിരിക്കുന്നു.

## ലിറ്റർജിക്കൽ റിസർച്ച്സെന്റർ

സീറോ-മലബാർ സഭയുടെ ചരിത്രം, തനിമ, ആരാധനക്രമം, ദൈവശാസ്ത്രം, ശിക്ഷണം, ആദ്ധ്യാത്മികത എന്നീ തലങ്ങളിലും

സിനഡ് തീരുമാനിക്കുന്ന കാലിക പ്രസക്തങ്ങളായ വിഷയങ്ങളിലും ഗവേഷണങ്ങളും, പഠനങ്ങളും സംഘടിപ്പിക്കുക, ഇവയുടെ വെളിച്ചത്തിൽ പുസ്തകങ്ങളും, കൂടാതെ 'തോമസ് ക്രിസ്ത്യൻ ഹെരിറ്റേജ്' എന്ന അന്തർ ദേശീയ ജേർണലും പ്രകാശനം നടത്തുക എന്നിവയാണ് ഈ സെന്ററിന്റെ ചുമതല.

## സെന്റ് തോമസ് ക്രിസ്ത്യൻ മ്യൂസിയം

മാർ തോമാ ക്രിസ്ത്യാനികളുടെ സഭാചരിത്രത്തോടൊപ്പം കണ്ടും കേട്ടും സഞ്ചരിക്കാൻ കഴിയുന്ന അപൂർവ്വവും സന്തോഷകരവുമായ അനുഭവങ്ങളേകുന്ന മതാത്മകമായ സൂക്ഷിപ്പുകളുടെയും സാംസ്ക്കാരിക സ്മൃതികളുടെയും കലവറയാണ് സെന്റ് തോമസ് ക്രിസ്ത്യൻ മ്യൂസിയം. പൗരാണികവും വിലപ്പെട്ടതുമായ രേഖകൾ, പള്ളിക്കലകൾ, ശില്പങ്ങൾ, കാർഷിക-ഗൃഹോപകരണങ്ങൾ എന്നിവ ഇവിടെ സൂക്ഷിക്കുന്നു. ഭാവി തലമുറയ്ക്കായുള്ള ചരിത്രാവശിഷ്ടങ്ങളുടെ കരുതൽ നിക്ഷേപമാണ് സീറോ-മലബാർ സഭയുടെ സെന്റ് തോമസ് ക്രിസ്ത്യൻ മ്യൂസിയം. വിജ്ഞാനപ്രദമായ ആവിഷ്ക്കാരങ്ങളാൽ സമ്പന്നമായ ഈ മ്യൂസിയം സന്ദർശിക്കുന്നത് സഭാ ചരിത്രത്തിന്റെ ഉൾതുടിപ്പുകളെ തൊട്ടറിയാൻ ഏറെ സഹായിക്കും.

## മിഷൻ ഫണ്ട് (ASSM)

സീറോ-മലബാർ മിഷൻ പ്രദേശങ്ങളിലെ വിവിധങ്ങളായ സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുവാനുള്ള വിശ്വാസികളുടെ അസോസിയേഷനാണ് ASSM. മിഷൻപ്രദേശങ്ങളിൽ സേവനം ചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ട് ഇപ്പോൾ വൈദീക, സന്യാസ പരിശീലനത്തിലായിരിക്കുന്ന വൈദീക വിദ്യാർത്ഥികളുടെയും, സന്യാസാർത്ഥിനികളുടെയും പരിശീലനത്തിനു ഭാഗീകമായ സാമ്പത്തിക സഹായം നൽകുവാനുള്ള സ്പോൺസർമാരെ കണ്ടെത്തുക എന്നതു ഈ കമ്മീഷന്റെ ദൗത്യമാണ്. കൂടാതെ മിഷൻ പ്രദേശങ്ങളിൽ പ്രാർത്ഥനാലയങ്ങൾ നിർമ്മിക്കുന്നതിനും മറ്റ് അത്യാവശ്യ ദുരിത ക്ഷേമനിവാരണ കാര്യങ്ങൾക്കും മാതൃസഭയിൽ നിന്ന് സാമ്പത്തിക സഹായമെത്തിക്കുവാൻ ഈ അസോസിയേഷൻ

ശ്രമിക്കുന്നു. ''സെന്റ് തോമസ് മിഷൻ'' എന്ന ന്യൂസ് ലെറ്റർ, www.assmmission.org എന്നിവയിലൂടെയാണ് ASSM-ന്റെ പ്രവർത്തനങ്ങൾ സഭാമക്കളേവരെയും അറിയിക്കുക.

## ഇൻറ്റർനെറ്റ് മിഷൻ

ലോകമെമ്പാടുമുള്ള സീറോ-മലബാർ വിശ്വാസികൾക്ക് സഭാപരമായ കാര്യങ്ങൾ ഏറ്റവും വേഗത്തിൽ അറയിക്കുന്നതിനു വേണ്ടയിട്ടുള്ളതാണ് ഇൻറ്റർനെറ്റ് മിഷന്റെ വെബ്സൈറ്റ് (**www.smcim.org**). കൂടാതെ ഇടവകകൾക്കും സന്ന്യാസ സമൂഹങ്ങൾക്കും മറ്റും വെബ്സൈറ്റുകൾ ലഭ്യമാക്കുക, സഭയിലെ എല്ലാ മാട്രിമണിസൈറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക എന്നതും ഈ മിഷന്റെ ദൗത്യത്തിൽപ്പെടുന്നു.

## സുവിശഷവൽക്കരണ - പ്രവാസി അജപാലന കമ്മീഷനുകൾ

മാർ തോമാശ്ലീഹായുടെ പ്രേഷിത ചൈതന്യം സഭാമക്കളിലേവരിലും പ്രോജ്ജ്വലിപ്പിക്കുവാനും വിവിധ സ്ഥലങ്ങളിലെ മിഷൻ പ്രവർത്തനങ്ങളെ ഏകീകരിപ്പിക്കുവാനും വേണ്ടിയുള്ളതാണ് സുവിശഷവൽക്കരണ - പ്രവാസി അജപാലന കമ്മീഷനുകൾ. സഭയിലെ പത്തുലക്ഷത്തോളം വിശ്വാസികൾ 25-ൽ പരം രാജ്യങ്ങളിലായി 250-ൽ കൂടുതൽ പ്രവാസി സമൂഹങ്ങളിലും സെന്റുകളിലുമായി കഴിയുന്നുണ്ട്. സഭാ മക്കൾക്ക് അവകാശപ്പെട്ട അജപാലന സംവിധാനങ്ങൾ അതാതു രാജ്യങ്ങളിലും സ്ഥലങ്ങളിലും ക്രമപ്പെടുത്തുവാൻ പ്രവാസി കമ്മീഷനു സദാ ബദ്ധശ്രദ്ധയുണ്ട്. ഈ സമൂഹങ്ങളിലേയ്ക്ക് സീറോ-മലബാർ വൈദീകരെ അയയ്ക്കുക, അവിടങ്ങളിൽ അൽമായ സംഘടനകളും കുടുംബ യൂണീറ്റുകളും രൂപപ്പെടുത്തുക, സീറോ-മലബാർ സഭയുടെ ആദ്ധ്യാത്മികതയിലും ആരാധനക്രമപാരമ്പര്യങ്ങളിലും ഊന്നിയ വിശ്വാസ പരിശീലനം നൽകുക, വിശുദ്ധ കൂദാശകളുടെ ഉചിതമായ സ്വീകരണത്തിനാവശ്യനായ കാര്യങ്ങൾ ക്രമീകരിക്കുക എന്നിവ ഈ കമ്മീഷന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

## വിദ്യാഭ്യാസ കമ്മീഷനുകൾ

ക്രിസ്തീയ അന്തരീക്ഷത്തിൽ ഉയർന്ന അക്കാദമിക് നിലവാരം പുലർത്തുവാൻ സീറോ-മലബാർ സഭയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളിൽ ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടാനുള്ള ജാഗ്രത പുലർത്തുക, ഈ മേഖലകളിൽ സഭയുടെ നയപരിപാടികളെ ഏകീകരിപ്പിക്കുക എന്നിവയാണ് ഈ കമ്മീഷനുകളുടെ ദൗത്യം. കൂടാതെ ഉന്നത വിദ്യാഭ്യാസം നൽകുന്ന കോളേജുകളിലെ പ്രിൻസിപ്പാൾമാർക്കും മാനേജർമാർക്കും, അദ്ധ്യാപകർക്കും, ക്യാമ്പസ് മിനിസ്ട്രി ഡയറക്ടേഴ്സിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കോൺഫ്രൻസുകളും സംഘടിപ്പിക്കുകയെന്നതും ഉന്നത വിദ്യാഭ്യാസ സമിതിയുടെ പ്രത്യേക ഉത്തരവാദിത്വമാണ്.

## പബ്ലിക്ക് അഫയേഴ്സ് കമ്മീഷൻ

ദൈനംദിനമുള്ള പ്രധാനപ്പെട്ട സാമൂഹിക രാഷ്ട്രീയ വിഷയങ്ങളെ സംബന്ധിച്ച് സഭ കൈക്കൊള്ളേണ്ടതായ നിലപാടുകൾക്കും നയരൂപീകരണത്തിനും സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള ഉപദേശക സമിതിയാണിത്. മെത്രാന്മാരും വൈദീക-സന്യസ്തരുടെ പ്രതിനിധികളും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ പ്രഗൽഭരായ അൽമായ പ്രതിനിധികളും ഉൾപ്പെടുന്നതാണ് ഈ കമ്മീഷൻ.

ഇപ്രകാരം പ്രവർത്തിക്കുന്ന നിരവധി സിനഡ് കമ്മീഷനുകളുടെ നിതാന്തമായ സമർപ്പണ മനോഭാവത്തോടെയുള്ള ശുശ്രൂഷയാണ് സീറോ-മലബാർ സഭയുടെ ഊർജ്ജവും, വിജയവും, ഭാവിയും.

തോമാശ്ലീഹായുടെ അപ്പസ്തോലിക പാരമ്പര്യത്തിന്റെ പിൻഗാമികളായ സീറോ-മലബാർ സഭയുടെ മെത്രാന്മാർ ഇന്നു കോട്ടയ്ക്കാവ് ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുമ്പോൾ മാർതോമാ ക്രിസ്ത്യാനികളുടെ ആദ്യകാല ചരിത്രത്തിന് ഇവിടെ

ജീവൻ വയ്ക്കുകയാണ്. മുസിരീസിന്റെ ചരിത്ര പൈതൃക സംരക്ഷണ പ്രദേശമായി ലോകം അംഗീകരിക്കുമ്പോൾ കോട്ടയ്ക്കാവ് പള്ളിയും ഇടവകയും സാർവ്വത്രിക സഭയുടെ വിശ്വാസ പൈതൃക സംരക്ഷണ ഇടവകയായി ഉയർത്തപ്പെടട്ടെ.